# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD-PTA P11/1368/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 06/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD-PTA P11/1368/2022 തീയ്യതി: 06/01/2023

## പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 16-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്സ് | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2022 | 26-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-11-2022 | 26-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി അനിൽകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സൂര്യപ്രഭ പി സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഹരികുമാർ എസ്സ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എസ്സ് രാജേന്ദ്ര പ്രസാദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി അംബിക സി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ ശ്യാം പ്രസാദ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ റസീനാ ബീഗം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ അനിൽ റ്റി മാമ്മൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ലാലി സി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ സുനിൽബാബു റ്റി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രസന്ന കുമാരി ഡി | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-05-2021 | 31-03-2022 |
| ശ്രീമതി അഖില കെ എം | ഐ സിഡി എസ്സ് സൂപ്പർവൈസർ | 01-04-2021 | 06-11-2021 |
| ശ്രീമതി രാധാമണി ബി | ഐ സിഡി എസ്സ് സൂപ്പർവൈസർ | 07-11-2021 | 31-03-2022 |
| ശ്രീമതി ചന്ദ്രലേഖ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ എം റ്റി പ്രസന്നൻ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മി പ്രിയ റ്റി ആർ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ എ ജെ പ്രശാന്ത് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 15-07-2021 |
| ശ്രീ അജിത്ത് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2021 | 31-03-2022 |
| ശ്രീ സുരേഷ് കുമാർ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രിക-അപാകതകൾ | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പെൻഷനുകൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. | 1-11 |
| 13 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-12 |
| 14 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു | 1-13 |
| 15 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-14 |
| 16 | വിസ്തീർണ്ണം കുറവായി രേഖപ്പെടുത്തി അസ്സസ്സ്മെന്റ് -പഞ്ചായത്തിന് നികുതി നഷ്ടം. | 1-15 |
| 17 | പെർമിറ്റ് അപേക്ഷകളിലെ പരിശോധനറിപ്പോർട്ടുകൾ അപൂർണ്ണം | 1-16 |
| 18 | അനധികൃത എക്സ്റ്റൻഷനുകൾ വ്യാപകം- വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടം | 1-17 |
| 19 | അനധികൃതനിർമ്മാണം ക്രമവത്ക്കരിച്ചത് അനർഹമായ ഇളവുകൾ അനുവദിച്ച് | 1-18 |
| 20 | വിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തി കെട്ടിട നികുതി നിർണ്ണയിച്ചു | 1-19 |
| 21 | കൈമടഭാഗം മിനി കുടിവെള്ളപദ്ധതി- പമ്പ് ഹൗസ് നിർമ്മിച്ചു ; പദ്ധതി അവസാനിച്ചു | 1-20 |
| 22 | എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് (തുമ്പൂർമുഴി മോഡൽ) പ്രവർത്തന സജ്ജമാക്കിയില്ല | 1-21 |
| 23 | ടേക്ക് എ ബ്രേക്ക് (വഴിയിടം)- കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും നടത്തിപ്പിന് സംവിധാനമില്ല | 1-22 |
| 24 | അടിസ്ഥാനസൗകര്യം ഒരുക്കിയിട്ടും പകൽവീടുകൾ പ്രവർത്തന | 1-23 |

| | | |
|---|---|---|
| | സജ്ജമാക്കുവാൻ കഴിഞ്ഞിട്ടില്ല | |
| 25 | 19 ലക്ഷം രൂപയുടെ ഓഫീസ് നവീകരണ പ്രവർത്തികൾ ടെണ്ടറില്ലാതെ നടത്തി | 1-24 |
| 26 | പരേതരും ക്ഷേമ പെൻഷൻ വാങ്ങുന്നു | 1-25 |
| 27 | സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഡാറ്റാബേസിൽ മരണപ്പെട്ടവരും അനർഹരായവരുമായ 263 ഗുണഭോക്താക്കൾ | 1-26 |
| 28 | ലൈഫ് - എടുക്കാത്ത ലോണിന് റിക്കവറി | 1-27 |
| 29 | പഞ്ചായത്തിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെൻ്ററിന് രജിസ്ട്രേഷൻ ഇല്ല | 1-28 |
| 30 | റിട്ടൻഷൻ തുക പിൻവലിച്ചതിൽ ഇരട്ടിപ്പ് | 1-29 |
| 31 | ബാരൽ വില; തനത് ഫണ്ടിൽ ശേഷിക്കുന്നത് 1.17ലക്ഷം രൂപ | 1-30 |
| 32 | തുക തിരികെ ലഭിച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ് | 1-31 |
| 33 | വനിതാ ഘടക പദ്ധതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-32 |
| 34 | മുൻകൂർ നൽകി- നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല | 1-33 |
| 35 | ഹാർഡ്‌വെയർ രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല | 1-34 |
| 36 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ വീഴ്ച | 1-35 |
| 37 | ടോയ്‌ലറ്റ് റിട്രോഫിറ്റിംഗ് - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നിഷേധിച്ചു | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതിൻ്റെ വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് സർച്ചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിൻ്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്തിന്റെ 2021-22 വർഷത്തേക്കുള്ള ബഡ്ജറ്റ് പാസാക്കുന്നതിന് 27.02.2021-ൽ പഞ്ചായത്ത് കമ്മിറ്റി യോഗം ചേരാനിരിക്കെ 26/2/2021 ന് നിയമസഭാ ഇലക്ഷനുമായി ബന്ധപ്പട്ട പെരുമാറ്റചട്ടം നിലവിൽ വന്നു. അതിനാൽ പുതിയ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് കാഴിയാത്ത സാഹചര്യം ഉണ്ടായി. ഇതിനെ തുടർന്ന് 27.02.2021-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 2020-21 വർഷത്ത ബഡ്ജറ്റ് അതേ പടി അംഗീകരിച്ച് ഭരണപ്രതിസന്ധി ഒഴിവാക്കി. തുടർന്ന്, ധനകാര്യ സ്ഥിരം സമിതിയുടെ 22.02.2021 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2021-22-ലെ വിശദമായ ബഡ്ജറ്റ്, 02.08.2021-ല് കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി.

ബഡ്ജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 98,96,407 |
| തൻവർഷം വരവ് | 28,13,09,800 |
| ആകെ വരവ് | 29,12,06,207 |
| ചെലവ് | 28,94,60,800 |
| നീക്കിയിരിപ്പ് | 17,45,407 |

21.03.2022-ലെ 1-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 30/06/2022-ന് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

- കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
- ഷെഡ്യൂൾ ബി 3 : ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ Capital Contribution( Rural Water Supply) എന്ന ഹെഡിൽ ആണ് തുക അക്കൗണ്ട് ചെയ്തിരിക്കുന്നത്.
- ഷെഡ്യൂൾ ബി4:- Funds And Contribution (Specific Purpose)- 165341 തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകളില്ല.
- ഷെഡ്യൂൾ ബി 7:- ഡിപ്പോസിറ്റ് രജിസ്റ്ററിൽ റിട്ടെൻഷൻ ഉൾപ്പെടെ വിവിധ ഇനങ്ങളിൽ ലഭിച്ച ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പുകളുടെ വിശദാംശം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. റീ ഫണ്ട് ചെയ്ത തുകയുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ കൃത്യതയില്ല( ഉദാ; Contracters Emd Refund- 32620, 17/08/21)
- ഷെഡ്യൂൾ B11:-ഗ്രാമപഞ്ചായത്തിന്റെ എല്ലാ മുൻകാല ആസ്തികളും തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് വക ഭൂമി സ്ഥിര ആസ്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല. ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമായില്ല.
- ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല
  - ഭൂജല വകുപ്പ്- 1295000

- പൊതുമരാമത്ത് വകുപ്പ്- 100000

- ഷെഡ്യൂൾ ബി-18:-- തൊഴിലുറപ്പ് പദ്ധതി മുൻകൂറായി നൽകിയതിൽ തിരികെ കിട്ടാനുള്ള തുക 160500801(Advance T0 MGNREGS Administrative Expense) എന്ന ഹെഡിന് പകരം 160509901(advace To Others) ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.
- ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിൽ മുൻകൂർ തുകയുടെ കണക്കുകൾ ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ക്രമനമ്പർ | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 40300 |
| 2 | തൊഴിൽ നികുതി | 350410102 | 64760 |

- കാലിബാരൽ വില ഇനത്തിൽ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ട തുക കൃത്യമായ ലയബിലിറ്റി ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തിരിക്കുകയാണ്.
- ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.
- ഷെഡ്യൂൾ ഐ-6:- പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും എസ്.എസ്.എ പ്രോജക്ടിനായി ചെലവഴിച്ച 200000 രൂപ, ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ 366667, പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ 278667രൂപ, പറന്തൽ ജി.ഡബ്ലൂ.എസ്.പി.എസ്. അറ്റകുറ്റപ്പണി (73/22) എന്ന പ്രോജക്ട് പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച 409779 രൂപ എന്നിവ പ്രോജക്ട് ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല. ഇത് മൂലം ടി ഫണ്ടിനങ്ങളുടെ ചെലവ് അക്കൗണ്ട് ചെയ്തത് കൃത്യമല്ല.
- ഷെഡ്യൂൾ ഐ-18, ഐ-19:-Prior Period Expenditure, Prior Period Income എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുന്ന തുകകൾക്ക് ആധാരമായ അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.
- ഷെഡ്യൂൾ ഐ-12 :-റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വാട്ടർ ചാർജ് ഇനത്തിൽ പ്രോജക്ട് പ്രകാരം ഒടുക്കിയ 161714 രൂപ ഓപ്പറേഷൻ & മെയിന്റനൻസ് ഹെഡിൽ ഉൾപ്പെട്ടിരിക്കുന്നു.
- ഷെഡ്യൂൾ ഐ-14(D):- തൊഴിൽ രഹിത വേതനം- ചെലവ് ( 73800/)അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല.
- ഷെഡ്യൂൾ ആർ.പി.-7:- വികസന ഫണ്ട്(ജനറൽ) വരവ് അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല.
- ഷെഡ്യൂൾ ആർ.പി.-16:- സർവ്വീസ് സെക്ടറിൽ ഉൾപ്പെടുത്തേണ്ട ചെലവുകൾ പ്രൊഡക്ടീവ് സെക്ടറിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളുകളിലെ തുകകളും സമാനമായ രസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂളുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
- പ്ലാൻ ചെലവുകൾ അക്കൗണ്ട് ചെയ്തിരിക്കുന്ന ചെലവ് ശീർഷകങ്ങൾ പ്രോജക്ടുമായി ബന്ധമില്ലാത്ത ശീർഷകങ്ങൾ ആണ്.
- ഷെഡ്യൂൾ ആർ.പി.-49:- MGNREGS- അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിനായി തനത് ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ തുകയുടെ അക്കൗണ്ടിംഗ് കൃത്യമല്ല.
- എഴുതി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13494373 |
| വരവ് | 116560945 |
| ആകെ | 130055318 |
| ചെലവ് | 112231983 |
| നീക്കിയിരിപ്പ് | 17823335 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10802017 | 10802017 | 10654653 | 147364 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10401998 | 10401998 | 9202000 | 1199998 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 5731644 | 5731644 | 3276668 | 2454976 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 0 | 2598831 | 2598831 | 2553566 | 45265 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 53937600 | 53937600 | 39728038 | 14209562 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 5066540 | 5066540 | 4493889 | 572651 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് | 3850206 | 140000 | 3990206 | 1138301 | 2851905 |
| ലൈഫ് (സ്റ്റേറ്റ് ഷെയർ) | 0 | 9900000 | 9900000 | 9040000 | 860000 |
| ലൈബ്രറി ഗ്രാന്റ് | 26121 | 21717 | 47838 | 47140 | 698 |
| ബയോഡൈവേഴ്സിറ്റി ഗ്രാന്റ് | 0 | 153732 | 153732 | 0 | 153732 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 682672 | 24604267 | 25286939 | 25285124 | 1815 |
| ഐ.സി.ഡി.എസ്. | 1142373 | 654738 | 1797111 | 497254 | 1299857 |

### 1-4-1 ഗ്രാന്റ് വിനിയോഗപത്രിക-അപാകതകൾ

2021-22 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗപത്രികകൾ തയ്യാറാക്കിയതിൽ ചുവടെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റിൽ വിവിധ ഇനങ്ങളിൽ സർക്കാർ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ളത്. ടി തുകകൾ കൂടി ഉൾപ്പെടുത്തിയാവണമായിരുന്നു ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് കാണിക്കേണ്ടിയിരുന്നത്.

| ക്രമ നം | വിഭാഗം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 10802017 | 9559350 | 1242667 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ 876000 രൂപ ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 366667 എന്നിവ സോഴ്സ് ഡിഡക്ഷൻ നടത്തിയത് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 10401998 | 10123331 | 278667 | ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 278667രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് വരവിൽ ഉൾപ്പെടുത്തിയില്ല. |

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല

| ക്രമ നം | വിഭാഗം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 10087986 | 10654653 | 566667 | 1) എസ്.എസ്.എ പ്രോജക്ടിനായി ചെലവഴിച്ച 200000 രൂപ സുലേഖ പ്രകാരമുള്ള ചെലവ് സ്റ്റേറ്റ്മെന്റിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടില്ല. 2) ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 366667 സോഴ്സ് ഡിഡക്ഷൻ നടത്തിയത് സുലേഖ പ്രകാരമുള്ള ചെലവ് സ്റ്റേറ്റ്മെന്റിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടില്ല. |
| 2 | വികസന ഫണ്ട്-എസ്.സി.പി | 8923333 | 9202000 | 278667 | ലൈഫ് ലോൺ തിരിച്ചടവിനത്തിൽ 278667 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 3 | മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | 4084110 | 4493889 | 409779 | പറന്തൽ ജി.ഡബ്ല്യ.എസ്.പി.എസ്. അറ്റകുറ്റപ്പണി (73/22) എന്ന പ്രോജക്ട് പ്രകാരം 409779 രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും |

| | | | | | |
|---|---|---|---|---|---|
| | | | | | ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ ചെലവ് സുലേഖ പ്രകാരമുള്ള ചെലവ് സ്റ്റേറ്റ്മെന്റിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടില്ല. |

3. സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 226 | 143198042 | 165 | 92209819 | 61 | 64.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 682672 | 752559 | 1435231 | 1433416 | 1815 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകുന്നത് | | 23851708 | 23851708 | 23851708 | |
| ആകെ | 682672 | 24604267 | 25286939 | 25285124 | 1815 |

## 1-7 ക്ഷേമ പെൻഷനുകൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ക്ഷേമ പെൻഷൻ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 376 | 5950300 |
| 2 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 274 | 4092600 |
| 3 | വാർധക്യകാല പെൻഷൻ | 1844 | 25897500 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 41 | 657000 |
| 5 | വിധവാ പെൻഷൻ | 888 | 13516800 |
| 6 | തൊഴിൽ രഹിത വേതനം | 26 | 45720 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2022 തീയതിയിൽ 11.22 AM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 3472 (മൂവായിരത്തി നാന്നൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽനിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് അംഗീകൃത ഗുണമേന്മ നിലവാരം കൊണ്ടുവരികയും ഗ്രാമപഞ്ചായത്തിനെ കൂടുതൽ പൗര സൗഹൃദ പരമാക്കി ISO സർട്ടിഫിക്കേഷൻ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയത്

പരിഹരിക്കേണ്ടതാണ്.

- സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, എതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.
- ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ്കാലയളവ് | റിപ്പോർട്ട് ലഭിച്ചതീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെഓഡിറ്റ് | ലഭ്യമാക്കിയില്ല | 2015-2016 | 09/06/2017 |
| പെർഫോമൻസ് ഓഡിറ്റ് | 02/07/2022 | 2021-2022 01/2022 മുതൽ 03/2022 വരെ | 02/07/2022 |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളു. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടാകുന്നുണ്ട് തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | ഗേറ്റ്‌വേ വുഡ് ഇൻഡസ്ട്രീസ്, കീഴുകുഴി, 4/390 | 1st & 2nd |
| 2 | ആർ.കെ. ട്രേഡേഴ്സ്, 12/428, 429, 485 | 1st & 2nd |
| 3 | അമ്മൂസ് സൂപ്പർമാർക്കറ്റ്, 7/493 | 1st & 2nd |
| 4 | കട്ടൂസ് ഹോളോബ്രിക്ക്സ്, 14/363 | 1st & 2nd |
| 5 | മരിയൻ ഇൻഡസ്ട്രീസ്, 8/584 | 1st & 2nd |
| 6 | സ്റ്റാൻഡേർഡ് ഹോട്ടൽ, പറന്തൽ, 14/516 | 1st & 2nd |
| 7 | എസ് & എസ് ഷോപ്പർ, 5/432 | 1st & 2nd |
| 8 | ദേവി ഇൻഡസ്ട്രീസ്, 6/607, 495 | 1st & 2nd |

| | | |
|---|---|---|
| 9 | മോഡേൺ മോട്ടോഴ്സ്, പറന്തൽ, 14/234, 235 | 1st & 2nd |
| 10 | കുഞ്ഞാറ്റ സ്റ്റോഴ്സ്, 4/631, 632 | 1st & 2nd |
| 11 | പ്രണവം ബ്രിക്സ് ഇൻഡസ്ട്രി, 14/470A | 1st & 2nd |
| 12 | ജെ & ജെ റബർ ട്രേഡേഴ്സ്, 12/537 | 1st & 2nd |
| 13 | ഡെലീഷ്യ റസ്റ്റോറന്റ്, പറന്തൽ, 14/434 | 1st & 2nd |
| 14 | തട്ടയിൽ ക്ഷീരോല്പാദക സഹകരണസംഘം, 10/303 | 1st & 2nd |
| 15 | മാധവം ഇൻഡസ്ട്രീസ്, 1/596 | 1st & 2nd |
| 16 | മൗണ്ട് സിനൈ മെഡിക്കൽ ക്ലിനിക്ക്, പറന്തൽ, 14/473 | 1st & 2nd |
| 17 | ആനന്ദ ആയുർവ്വേദ ഹോസ്പിറ്റൽ, തട്ടയിൽ, 17/662 | 1st & 2nd |
| 18 | മീര എന്റർപ്രൈസസ്, 4/250 | 1st & 2nd |
| 19 | എസ്.ആർ.ഫർണിച്ചർ വർക്ക്ഷോപ്പ്, 7/491 | 1st & 2nd |
| 20 | കെയർ & റിലീഫ് ഫിസിയോ തെറാപ്പി സെന്റർ, കീരുകുഴി | 1st & 2nd |
| 21 | പറന്തൽ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 22 | കീരുകുഴി ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |

2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും 2021-22 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

14-ാം വാർഡിലെ 473-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൗണ്ട് സിനൈ മെഡിക്കൽ ക്ലിനിക്കിൽ നിന്നും ലൈസൻസ് ഫീയായി 1000രൂപയാണ് ഈടാക്കിയിട്ടുള്ളത്. പി.സി.ബി. സർട്ടിഫിക്കറ്റ് പ്രകാരം ടി.സ്ഥാപനത്തിന്റെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് 65 ലക്ഷം രൂപയാണ്. 31.10.2017- ലെ സ.ഉ.(അച്ചടി) നം.80/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളും പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസും പുതുക്കി നിശ്ചയിട്ടുണ്ട്. ആയത് പ്രകാരം 50 ലക്ഷം രൂപയിൽ കൂടുതലും എന്നാൽ 2 കോടി രൂപയിൽ അധികരിക്കാത്തതുമായ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റുള്ള സർവ്വീസ് സെക്ടറിൽപ്പെട്ട സ്ഥാപനങ്ങൾ സ്മാൾ എന്റർപ്രൈസസ് എന്ന വിഭാഗത്തിൽപ്പെടുന്നവയാണ്. അത്തരം സ്ഥാപനങ്ങളിൽ നിന്നും 5000രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാവുന്നതുമാണ്.

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/23.11.2022), നിയമാനുസൃതമുള്ള തുക ഈടാക്കി അറിയിക്കുന്ന താണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് കൃത്യമായി പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2021-22 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ – 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ. നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ഉദയഗിരി ഹോസ്പിറ്റൽ, തോലുഴം |
| 2 | കെയർ & റിലീഫ് ഫിസിയോ തെറാപ്പി സെന്റർ, കീരുകുഴി |

തോലുഴം ജംഗ്ഷനിലുള്ള ഉദയഗിരി ഹോസ്പിറ്റൽ എന്ന സ്ഥാപനം പഞ്ചായത്തിൽനിന്നുള്ള ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ, പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8-പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

പന്തളം തെക്കേക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 7-ൽ സർവ്വേ നം. 69/3-1, 69/4-1-എന്നിവയിലുള്ള 485ച.മീ ഭൂമിയിൽ 83.30ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. അരവിന്ദ് എസ്., കൊച്ചുപുത്തൻവീട്, കോന്നി എന്നയാൾക്ക് 12.10.2020-ൽ A4-2780/2020 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 14.05.2021-ൽ 6/719, 6/720, 6/721 എന്നീ കെട്ടിട നമ്പറുകളും അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 99.62ച.മീറ്ററാണ്. പഞ്ചായത്തിലെ 6-ാം വാർഡിൽ ഒരിപ്പുറം-നരിയാപുരം റോഡ് അതിരിലാണ് ടി. കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി.റോഡിന്റെ വീതി 5 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. '5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി.കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തി നികുതി നിർണ്ണയിക്കുകയും അടിസ്ഥാന വസ്തുനികുതിയിൽ 20% അനർഹമായ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ അനർഹമായ ഇളവ് അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/24.11.2022), ടി. കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 വിസ്തീർണ്ണം കുറവായി രേഖപ്പെടുത്തി അസ്സസ്സ്മെന്റ് -പഞ്ചായത്തിന് നികുതി നഷ്ടം.

പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള പല കെട്ടിടങ്ങളുടെയും യഥാർത്ഥ വിസ്തീർണ്ണവും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിസ്തീർണ്ണവും തമ്മിൽ വ്യത്യാസമുണ്ട്. സഞ്ചയയിൽ വിസ്തീർണ്ണം കുറവായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതാണ് കാരണം. പെർമിറ്റ് ഫയലുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പന്തളം തെക്കേക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ സർവ്വേ നം. 37/14-1-ലുള്ള 740ച.മീ ഭൂമിയിൽ നിലവിലുണ്ടായിരുന്ന 138ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 107ച.മീ. എക്സ്റ്റൻഷൻ നടത്തുന്നതിന് ശ്രീ. അജികുമാർ, നെടുംപറമ്പിൽ, ഭഗവതികുംപടിഞ്ഞാറ് എന്നയാൾക്ക് 27.08.2021-ൽ -ൽ A4-BA(182223)/2021 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റിനായി സമർപ്പിച്ചിട്ടുള്ള പ്ലാനിൽ പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ (5/275) വിസ്തീർണ്ണം 138ച.മീ. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 105ച.മീ. മാത്രമാണ്. ബാക്കിയുള്ള 33 ച.മീ. അസ്സസ്സ്മെന്റ് നടത്തിയിട്ടില്ല.

2. പന്തളം തെക്കേക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ സർവ്വേ നം. 282/9-1, 282/8 എന്നിവയിലുള്ള 1235ച.മീ ഭൂമിയിൽ നിലവിലുണ്ടായിരുന്ന വാണിജ്യ കെട്ടിടത്തിന്റെ സെല്ലാർ, തറനിരപ്പ്, നിലകളിലായി 49.30ച.മീ. വീതം എക്സ്റ്റൻഷൻ നടത്തുന്നതിനും 49.30വിസ്തീർണ്ണത്തിൽ ഒന്നാം നില നിർമ്മിക്കുന്നതിനും വി.കെ.ഗോപാലകൃഷ്ണക്കുറുപ്പ്, ഗോകുലം, തട്ടയിൽ എന്നയാൾക്ക് 15.09.2021-ൽ A4-BA(202937)/2021 നമ്പരായി പെർമിറ്റ് നൽകിയിരുന്നു. മൊത്തം

147.90ച.മീ. എക്സ്റ്റൻഷൻ നടത്തുന്നതിനാണ് പെർമിറ്റ് എടുത്തിരുന്നത്. പെർമിറ്റിനായി സമർപ്പിച്ചിട്ടുള്ള പ്ലാനിൽ സെല്ലാർ നില, തറനിരപ്പ് നില എന്നിവയുടെ നിലവിലെ വിസ്തീർണ്ണം 72.90ച.മീ. എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസ്സസ്സ്മെൻറ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും കെട്ടിടത്തിന്റെ താഴത്തെ നില മാത്രമാണ് അസ്സസ്സ് ചെയ്തിട്ടുള്ളത്. 9/154(27m$^2$) , 9/155(21.6m$^2$) എന്നീ കെട്ടിട നമ്പരുകൾ നൽകിയിട്ടുള്ള താഴത്തെ നിലയുടെ ആകെ വിസ്തീർണ്ണം 48.6ച.മീ. മാത്രമാണ്. കെട്ടിടത്തിന്റെ സെല്ലാർ നിലയും താഴത്തെ നിലയിലെ 24.30 ച.മീ. കെട്ടിടഭാഗവും അസ്സസ്സ് ചെയ്തിട്ടുള്ളതായി കാണുന്നില്ല.

കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണത്തേക്കാൾ കുറവായി സഞ്ചയ സോഫ്റ്റവെയറിൽ അസ്സസ്സ് ചെയ്തിട്ടുള്ളത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/23.11.22), സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി വരുത്തിയപ്പോഴുണ്ടായ പിഴവാണെന്നും പ്യൂരിഫിക്കേഷനായി സൈറ്റ് ഓപ്പൺ ചെയ്യുന്ന സമയത്ത് അപാകതകൾ പരിഹരിച്ച് കൃത്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണ്ണം സഞ്ചയത്തിൽ രേഖപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങൾ കണ്ടെത്തുന്നതിനും അസ്സസ്സ്മെന്റ് വിവരങ്ങൾ കൃത്യമാക്കി നികുതി നഷ്ടം ഒഴിവാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 പെർമിറ്റ് അപേക്ഷകളിലെ പരിശോധനറിപ്പോർട്ടുകൾ അപൂർണ്ണം

പെർമിറ്റ് അപേക്ഷകളിൽ പരിശോധന നടത്തുന്ന സാങ്കേതിക വിഭാഗം മതിയായ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള പരിശോധനാറിപ്പോർട്ട് നൽകുന്നില്ല. നോട്ട് ഫയലിൽ കെട്ടിടത്തിന് ചുറ്റും നിയമാനുസൃതം ഒഴിച്ചിട്ടിട്ടുള്ള തുറസ്സായ സ്ഥലത്തിന്റെ വിവരങ്ങൾ മാത്രം രേഖപ്പെടുത്തുകയാണ് ചെയ്തു വരുന്നത്. കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ 02.12.2015-ലെ 12900/ആർ.എ.1 /2015/തസ്വഭവ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അത് പ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷ്മപരിശോധന നടത്തേണ്ടതും പരിശോധനാ റിപ്പോർട്ടുകളിൽ പ്ലോട്ടിന്റെ സർവ്വേ നം., വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ (നിലവിൽ എഫ്.എസ്.ഐ.), നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റ് അനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവ്വേ/റീസർവ്വേ നം., വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച വിശദമായ ശുപാർശ, മുതലായവയും ഉൾപ്പെടുത്തേണ്ടതാണെന്നും പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗിക തലത്തിൽ ലഭ്യമാണോയെന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ആവശ്യമെങ്കിൽ റിപ്പോർട്ടിനായി ഒരു മാതൃകാ ഫോർമാറ്റ് തയ്യാറാക്കി ഉപയോഗിക്കാവുന്നതാണെന്നും ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമായി സൂക്ഷിക്കേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും പാലിക്കപ്പെട്ടുകാണുന്നില്ല. പരിശോധനാറിപ്പോർട്ടിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/23.11.22), നിലവിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള കൃത്യമായ പരിശോധനാ റിപ്പോർട്ടുകളാണ് തയ്യാറാക്കുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മതിയായ വിവരങ്ങൾ ഉൾക്കൊള്ളുന്നതും വ്യക്തമായ ശുപാർശയോടും കൂടിയ പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതിന് സാങ്കേതിക വിഭാഗം നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 അനധികൃത എക്സ്റ്റൻഷനുകൾ വ്യാപകം- വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടം

പഞ്ചായത്ത് പ്രദേശത്ത് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളിൽ പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെ വ്യാപകമായ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ നടത്തുന്ന അനധികൃത കൂട്ടിച്ചേർക്കൽ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ അറിയിക്കാത്തതിനാൽ കൂട്ടിച്ചേർക്കപ്പെട്ട കെട്ടിട ഭാഗങ്ങൾക്ക് ബാധകമായ വസ്തുനികുതി നിർണ്ണയിക്കപ്പെടാതെ പോകുകയും പഞ്ചായത്തിന് നികുതിയിനത്തിൽ ലഭിക്കേണ്ട തുകയിൽ ഒരു ഭാഗം നഷ്ടപ്പെട്ടുപോകുകയുമാണ്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിവിധ സർക്കാർ ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതു മൂലം ഇത്തരത്തിലുള്ള കെട്ടിടങ്ങൾ കണ്ടെത്തപ്പെടാതെയും പോകുന്നു. ഇത്തരം കെട്ടിടങ്ങൾ നിലനിൽക്കുന്ന പ്ലോട്ടിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കോ, കെട്ടിട ഭാഗങ്ങൾക്കോ നമ്പർ ആവശ്യമായി വരുന്ന സാഹചര്യത്തിൽ പഞ്ചായത്തിനെ സമീപിക്കുമ്പോൾ നടത്തുന്ന പരിശോധനകളിൽ മാത്രമാണ് അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽ വരുന്നത്. പരിശോധനകൾ ഇല്ലാത്ത സാഹചര്യത്തിൽ അനധികൃത എക്സ്റ്റൻഷനുകൾ

കണ്ടെത്തപ്പെടാതെയും പോകുന്നു. അനധികൃതമായ കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾ കണ്ടെത്തുന്നതിനും വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക നിർണ്ണയിച്ച് ഈടാക്കിയെടുക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 അനധികൃതനിർമ്മാണം ക്രമവത്ക്കരിച്ചത് അനർഹമായ ഇളവുകൾ അനുവദിച്ച്

പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെ അനധികൃത എക്സ്റ്റൻഷനുകൾ വരുത്തിയ രണ്ട് കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടി.കെട്ടിടങ്ങൾക്ക് നികുതിയിൽ അനർഹമായ ചില ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പന്തളം തെക്കേക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ സർവ്വേ നം. 123/6-ലുള്ള 2520ച.മീ. ഭൂമിയിൽ 50.07ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. എബ്രഹാം, പാലവിള കിഴക്കേതിൽ, പറന്തൽ എന്നയാൾക്ക് 18.06.2021-ൽ A4-BA(125630)/2021 നമ്പരായി പെർമിറ്റ് നൽകിയിരുന്നു. 175.35ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടം (14/189) പ്ലോട്ടിൽ നിലവിലുള്ളതായി പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ കാണിച്ചിരുന്നു. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ടി.കെട്ടിടത്തിന്റെ വിസ്തീർണ്ണം 89ച.മീ. മാത്രമായിരുന്നു. പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെ കെട്ടിടത്തിൽ ഉടമ അനധികൃതമായി കൂട്ടിച്ചേർക്കലുകൾ വരുത്തിയിരുന്നു. എന്നാൽ കൂട്ടിച്ചേർക്കൽ വരുത്തിയതിന്റെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കാത്ത തിനാൽ ആയതിനനുസരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കപ്പെട്ടില്ലായിരുന്നു. പുതിയ പെർമിറ്റിനായി സമർപ്പിച്ച രേഖകളിൽ നിന്നും അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ആയത് ക്രമവത്ക്കരിക്കുകയും വസ്തുനികുതി പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റഗുലറൈസ് ചെയ്ത ഭാഗങ്ങളുടെ വസ്തുനികുതി മാത്രമാണ് പുനർനിർണ്ണയിച്ചിട്ടുള്ളത്. മുമ്പുണ്ടായിരുന്ന കെട്ടിടഭാഗങ്ങൾക്ക് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , ചട്ടം 9.4(എ),4(ബി) എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള പരിധികൾക്കുവിധേയമായി കുറഞ്ഞ വസ്തുനികുതിയാണ് (15രൂപ) കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഏറ്റവും ഒടുവിൽ നടത്തിയ വാർഷിക വസ്തുനികുതി നിർണ്ണയത്തിനോ, പുനർനിർണ്ണയത്തിനോശേഷം പ്രസ്തുത കെട്ടിടത്തിന് എന്തെങ്കിലും കൂട്ടിച്ചേർക്കലോ, ഘടനാപരമായ മെച്ചപ്പെടുത്തലുകളോ, ഉപയോഗക്രമത്തിൽ എന്തെങ്കിലും മാറ്റമോ വരുത്തിയിട്ടുണ്ടെങ്കിൽ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള പരിധികൾ ബാധകമല്ലാതാകുന്നതും മുഴുവൻ കെട്ടിടഭാഗങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്. കൂടാതെ റഗുലറൈസ് ചെയ്ത കെട്ടിടഭാഗത്തിന് 20വർഷം കാലപ്പഴക്കമുണ്ടെന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ 10% അനർഹമായ ഇളവ് അനുവദിച്ചിട്ടുണ്ട്. പറന്തലിൽ എം.സി.റോഡ് സൈഡിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുണ്ട്. വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തി വർദ്ധനവ് ഒഴിവാക്കി നൽകിയിട്ടുണ്ട്.

2. ശ്രീ. കോമളൻ, ആനക്കാവിൽ, മല്ലിക എന്നയാളുടെ ഉടമസ്ഥതയിൽ പന്തളം തെക്കേക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ സർവ്വേ നം.270/19-ലുള്ള പാർപ്പിടാവശ്യത്തിനുള്ള 4/74-ാം നമ്പർ കെട്ടിടം പഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 118ച.മീ. മാത്രമായിരുന്നു. എന്നാൽ ടിയാൻ പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെ ടി.കെട്ടിടത്തിന്റെ താഴത്തെ നിലയിൽ 53.08ച.മീറ്ററും ഒന്നാംനിലയിൽ 123.90ച.മീറ്ററും എക്സ്റ്റൻഷൻ നടത്തി. അനധികൃതമായി നടത്തിയ എക്സ്റ്റൻഷന്റെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുകയോ വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിരുന്നില്ല. ടിയാൻ ഭൂമിയുടെ ഉടമസ്ഥാവകാശം ഭാര്യയായ ശ്രീമതി ഷീബ കോമളന് കൈമാറുകയും പ്രസ്തുത ഭൂമിയിൽ അവർ പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെ 27.34ച.മീ. വിസ്തീർണ്ണമുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുകയും ചെയ്തു. ടി. വാണിജ്യ കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷ യുടെ പരിശോധനയിലാണ് പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിൽ നടത്തിയ അനധികൃത എക്സ്റ്റൻഷൻ ശ്രദ്ധയിൽപ്പെട്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗങ്ങൾ ക്രമവത്ക്കരിക്കുകയും 4/74-നമ്പർ കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണവും (294.98ച.മീ.) ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിക്കുകയും ചെയ്തു. എന്നാൽ കെട്ടിടത്തിന് 20വർഷം കാലപ്പഴക്കമുണ്ടെന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ 10% അനർഹമായ ഇളവ് അനുവദിച്ചിട്ടുമുണ്ട്.

കൂടാതെ ക്രമവത്ക്കരണ അപേക്ഷകൾ തീർപ്പാക്കുന്നത് ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ്. ക്രമവത്ക്കരണത്തിനുള്ള അപേക്ഷ സമർപ്പണവും അതിന്റെ തീർപ്പാക്കലിന് വേണ്ടിയുള്ള നടപടിക്രമങ്ങളും കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 93-ൽ വിശദീകരിച്ചിട്ടുണ്ട്. സെക്രട്ടറി, ക്രമവൽക്കരണം ഒരു ലിഖിത ഉത്തരവിലൂടെ അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണെന്ന് ചട്ടം 95(1) ലും അനുബന്ധം G1 ഫോറത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും, അനുബന്ധം G2

ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതാണെന്ന് 95(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് ക്രമവത്ക്കരണം അനുവദിച്ചു വരുന്നത്.

ക്രമവത്ക്കരണം അനുവദിച്ചതിലും വസ്തുനികുതി നിർണ്ണയിച്ചതിലുമുണ്ടായ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (17/23.11.22, 18/23.11.22), വസ്തുനികുതി നിർണ്ണയിച്ചതിൽ പ്രവേശന മാർഗ്ഗത്തിന്റെ അടിസ്ഥാനത്തിലുള്ള അപാകത പരിഹരിച്ചതായും നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചതിനാലാണ് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവ് ലഭിച്ചതെന്നും ക്രമവത്ക്കരണം അനുവദിക്കുന്നതിലെ അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതിന് ആസ്പദമാക്കേണ്ട രണ്ടോ അതിലധികമോ ഘടകങ്ങളോ, ഏതെങ്കിലും ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന സംഗതിയിൽ, പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി നിർണ്ണയിക്കേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 9(2) ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. കാലപ്പഴക്കത്തിന്റെ ഇളവുകൾ ബാധകമായ കെട്ടിടഭാഗങ്ങൾക്ക് മാത്രം ഇളവ് അനുവദിക്കുകയും മറ്റ് കെട്ടിട ഭാഗങ്ങൾ അതില്ലാതെയും അസ്സസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 വിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തി കെട്ടിട നികുതി നിർണ്ണയിച്ചു

പന്തളം തെക്കേക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ സർവ്വേ നം. 163/1-ലുള്ള 1620ച.മീ ഭൂമിയിൽ 219.04ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. ബൻസൺ റ്റി. കോശി, ബെഞ്ചിവിളയിൽ, തട്ടയിൽ എന്നയാൾക്ക് 31.12.2020-ൽ A4-633/2020 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ 8/694 എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുമുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 212.46 ച.മീറ്ററാണ്. കാർ പോർച്ച് (21.49ച.മീ.) ഒഴിവാക്കിയുള്ള തറനിരപ്പ് നിലയുടെ വിസ്തീർണ്ണം 158.62ച.മീറ്ററും ഒന്നാം നിലയുടെ വിസ്തീർണ്ണം 32.35 ച.മീറ്ററുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും തറനിരപ്പുനില 137.13ച.മീ. മാത്രമാണ് അസ്സസ്സ് ചെയ്തിട്ടുള്ളത്. 21.49 ച.മീ. അസ്സസ്സ് ചെയ്തിട്ടില്ല. തറനിരപ്പ് നിലയുടെ വിസ്തീർണ്ണത്തിൽ നിന്നും കാർപോർച്ചിന്റെ വിസ്തീർണ്ണം (21.49ച.മീ.) രണ്ട് തവണ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(20/23.11.2022), അസ്സസ്സ് ചെയ്യാനുണ്ടായിരുന്ന ഭാഗങ്ങൾ ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 കൈമടഭാഗം മിനി കുടിവെള്ളപദ്ധതി- പമ്പ് ഹൗസ് നിർമ്മിച്ചു ; പദ്ധതി അവസാനിച്ചു

കൈമടഭാഗം കോളനിയിൽ മിനി കുടിവെള്ളപദ്ധതിയ്ക്ക് 3 ലക്ഷം രൂപ വികസന ഫണ്ട് അടങ്കൽ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം പ്രോജക്ട് നടപ്പിലാക്കിയിരുന്നു. 212600രൂപ ചെലവഴിച്ച് 22 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മാണം, പമ്പ് ഹൌസ് നിർമ്മാണം, കിണർ മെയിന്റനൻസ് എന്നീ പ്രവൃത്തികൾ ആണ് പദ്ധതി പ്രകാരം ചെയ്തത്. തുടർ പ്രവർത്തനങ്ങൾക്കായി കൈമടഭാഗം കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം എന്ന പ്രോജക്ട് 10 ലക്ഷം രൂപ വകയിരുത്തി 2019-20 വർഷം ആവിഷ്കരിച്ചുവെങ്കിലും തുക ചെലവഴിച്ചിട്ടില്ല. ഈ പ്രോജക്ട് 2020-21 വർഷം സ്പിൽ ഓവറാക്കാതെ ഉപേക്ഷിച്ചു. പമ്പ് സെറ്റ് സ്ഥാപിക്കൽ, പൈപ്പ് ലൈൻ നീട്ടൽ എന്നീ പ്രവൃത്തികൾ ചെയ്യാഞ്ഞതിനാൽ 212600 രൂപയുടെ ചെലവ് നിലവിൽ പാഴായ നിലയിലാണ്. കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ആവിഷ്കരിച്ച പ്രോജക്ട് പാതിവഴിയിൽ അവസാനിച്ചു. കുടിവെള്ള പദ്ധതി പൂർത്തീകരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് (തുമ്പൂർമൂഴി മോഡൽ) പ്രവർത്തന സജ്ജമാക്കിയില്ല

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വർഷം എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് (തുമ്പൂർമൂഴി മോഡൽ) സ്ഥാപിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് 163801രൂപ മുൻകൂറായി അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.റ്റി.സി. മുണ്ടൂർ-ന് കൈമാറിയിട്ടുണ്ട്. എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റിന്റെ നിർമ്മാണം 15/05/2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ യൂണിറ്റുകൾ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി. 681451 രൂപ നിർവ്വഹണ ഏജൻസിയ്ക്ക് ആകെ നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ, 227/22 |
| പ്രോജക്ട് അടങ്കൽ | ശുചിത്വമിഷൻ ഫണ്ട്-819367 |
| ചെലവ് | 163801(Advance) |
| | 517650 Cheque No..489255/10.10.2022 |

ശാസ്ത്രീയ ജൈവമാലിന്യ സംസ്കരണം ലക്ഷ്യമിട്ടാണ് എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. തോലൂഴം, കീരുകുഴി എന്നിവിടങ്ങളിൽ നിലവിൽ മാർക്കറ്റ് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ എയ്റോബിക് കംപോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനിടയായ സാഹചര്യം, ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനത്തിന്റെ വിശദാംശം എന്നിവ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/23.11.22) ഗ്രാമപഞ്ചായത്തിന് ശുചിത്വ പദവി ലഭിക്കുന്നതിന് ജൈവമാലിന്യ സംസ്കരണത്തിനുള്ള യൂണിറ്റുകൾ തുടങ്ങേണ്ടത് അത്യാവശ്യമായിരുന്നുവെന്നും യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. യൂണിറ്റ് സ്ഥാപിച്ചതോടൊപ്പം സ്ഥാപനം ലഭ്യമാക്കിയ സൂക്ഷ്മാണുവായ ഇനോക്കുലം ഉപയോഗപ്പെടുത്താതെ ചാക്കുകളിൽ സൂക്ഷിച്ചിരിക്കുകയാണ്. യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുവാൻ അടിയന്തിര ഭരണതലനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-22 ടേക്ക് എ ബ്രേക്ക് (വഴിയിടം)- കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും നടത്തിപ്പിന് സംവിധാനമില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തോലൂഴം മാർക്കറ്റിൽ ടേയ്ക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം 2021-22 വർഷം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് നാളിതുവരെ പൊതുജനങ്ങളുടെ ഉപയോഗത്തിന് തുറന്നുകൊടുത്തിട്ടില്ല. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ടേക്ക് എ ബ്രേക്ക്-പൊതുടോയ്‌ലറ്റ് നിർമ്മാണം തോലുഴം മാർക്കറ്റ്, 150/22, സ്പിൽ ഓവർ, (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 800000 | 751046 |
| തോലുഴം ടേക്ക് എ ബ്രേക്ക്- പൂർത്തീകരണം. 168/22 | 500000 | 235835 |
| ആകെ | | 986881 |

ടോയ്‌ലറ്റ് കോംപ്ലക്സിന് വൈദ്യുതി കണക്ഷനും, വാട്ടർ കണക്ഷനും ലഭിച്ചിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് (വഴിയിടം) നടത്തിപ്പിനുള്ള സംവിധാനം നാളിതുവരെ ഏർപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/25.11.22) വഴിയിട വിശ്രമകേന്ദ്രം പൊതുജനങ്ങളുടെ ഉപയോഗത്തിനായി നൽകുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 അടിസ്ഥാനസൗകര്യം ഒരുക്കിയിട്ടും പകൽവീടുകൾ പ്രവർത്തന സജ്ജമാക്കുവാൻ കഴിഞ്ഞിട്ടില്ല

ഗ്രാമപഞ്ചായത്തിൽ എട്ടാം വാർഡിലെ മങ്കുഴി എന്ന സ്ഥലത്തും ഏഴാം വാർഡിലെ പാറക്കര എന്ന സ്ഥലത്തുമായി രണ്ട് പകൽ വീടുകളുണ്ട്. മങ്കുഴിയിലേത് 2009-10ൽ നിർമ്മാണം പൂർത്തീകരിച്ചതാണ്. ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയതാണ് പാറക്കര ഭാഗത്തെ പകൽവീട്. പകൽവീടുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 2017-18മുതൽ 2021-22 വരെയുള്ള കാലയളവിൽ 806695 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും നടത്തിപ്പിന് സംവിധാനമൊരുക്കുവാൻ നാളിതുവരെ സാധിച്ചിട്ടില്ല. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 179 | പകൽ വീട് അടിസ്ഥാന സൗകര്യം ഒരുക്കൽ | 2017-2018 | 274655 | 265207 |
| 114 | പകൽവീട് അടിസ്ഥാന സൗകര്യം ഒരുക്കൽ | 2018-2019 | 280000 | 268168 |
| 216 | പകൽ വീട് അടിസ്ഥാന സൗകര്യം ഒരുക്കൽ | 2021-2022 | 288335 | 239007 |

| | | | | |
|---|---|---|---|---|
| 63 | പകൽവീടിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ | 2020-2021 | 35000 | 34313 |
| | | | | 806695 |

പകൽ വീടുകൾ പ്രവർത്തനം ആരംഭിക്കുവാൻ 2022-23 വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നടപടികളായിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 19 ലക്ഷം രൂപയുടെ ഓഫീസ് നവീകരണ പ്രവർത്തികൾ ടെണ്ടറില്ലാതെ നടത്തി

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തനത് ഫണ്ട് വകയിരുത്തി ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരിക്കുന്നതിനും, പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷന്മാർക്ക് ഇരിപ്പിടം ഒരുക്കുന്നതിനും പ്രോജക്ടുകൾ ആവിഷ്കരിച്ച് 19.03 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്. സിഡ്കോ മുഖാന്തിരമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രോജക്ടുകളുടെ ഭാഗമായി ഫർണിച്ചറുകൾ വാങ്ങുന്നതിനോടൊപ്പം കോൺഫറൻസ് ഹാൾ, പ്രസിഡന്റിന്റെയും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും മുറികൾ എന്നിവ മോടിപിടിപ്പിക്കുന്നതിനുള്ള സിവിൾ വർക്കുകൾ, കർട്ടൻ, കാർപ്പെറ്റ്, റൂം പാർട്ടീഷൻ, എയർകണ്ടീഷനിംഗ്, ഇലക്ട്രിക്കൽ വർക്ക് മുതലായ പ്രവൃത്തികളും ചെയ്തു. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ/ചെലവ് | ചെക്ക് നം. തീ. | ചെയ്ത പ്രവൃത്തികളുടെ വിവരം |
|---|---|---|---|---|
| 262/22 | ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം | 1385068.00 | 268536/ 31-03-2022 | ഡയസ് മെയ്ഡ് ഓഫ് GI ട്യൂബ്സ്, ഡയസ് ടേബിൾ ഫോർ പ്രസിഡന്റ്, ടേബിൾ ഫോർ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പേഴ്സ്, TW എക്സിക്യൂട്ടീവ് ചെയർ, കമ്മിറ്റി ഹാൾ പാർട്ടീഷൻ, വി ബോർഡ് പാർട്ടീഷൻ, ഡോർ, വാൾ പാനലിംഗ്, കാർപ്പറ്റ് ലേയിംഗ്, മിനിട്സ് ടേബിൾ, കൺവേർഷൻ ഓഫ് U ടൈപ്പ് ടേബിൾ, കുഷൻ ചെയർ മെയിന്റനൻസ്, സീബ്ര ബ്ലൈന്റ്സ് ഫോർ കമ്മിറ്റി ഹാൾ, 1.5 Ton ഇൻവെർട്ടർ എ.സി. ഇലക്ട്രിഫിക്കേഷൻ ഫോർ AC, ഹൈസ്പീഡ് വാൾ ഫാൻ, LED ട്യൂബ് വിത്ത് ഇലക്ട്രിഫിക്കേഷൻ |
| 263/22 | പ്രസിഡന്റ് സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷന്മാർക്ക് ഇരിപ്പടം ഒരുക്കൽ | 517843.00 | 268536/ 31-03-2022 | ജിപ്സം ഫാൾസ് സീലിംഗ്, വാൾ പാനലിംഗ്, ക്യാബിൻ ഫോർ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പേഴ്സ്, അലൂമിനിയം പാർട്ടീഷൻ വർക്ക്, ഡോർ ഫോർ പ്രിസിഡന്റ്സ് റൂം, സീബ്ര ബ്ലൈന്റ്സ് |
| | ആകെ | 1902911 | | |

വ്യത്യസ്ത തരത്തിലുള്ള വാങ്ങലുകൾ, നിർമ്മാണ പ്രവൃത്തികൾ എന്നിവ ഉള്ളതിനാലാണ് അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ SIDCO-യെ ഈ ജോലി ഏൽപ്പിച്ചത്. എന്നാൽ അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുമ്പോൾ നടത്തേണ്ട ബിഡ്ഡിംഗ് നടത്തിയിട്ടില്ല.

അക്രഡിറ്റേഷൻ ഉത്തരവുകളിൽ അംഗീകാരം നൽകി പട്ടികപ്പെടുത്തിയിട്ടുള്ള ഏജൻസികളിൽനിന്നും ടെണ്ടർ/ബിഡിംഗ് മുഖേന മാത്രമേ അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാൻ പാടുള്ളുവെന്ന് 10.11.2020-ലെ PAN/13189/2020-J8(DP) നമ്പർ കത്ത് പ്രകാരം ബഹു. പഞ്ചായത്ത് ഡയറക്ടർ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളും, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള നിർദ്ദേശവും മറികടന്നാണ് ടി പ്രോജക്ടുകളുടെ നിർവ്വഹണം SIDCO-യെ നേരിട്ട് ഏൽപ്പിച്ചിട്ടുള്ളത്. ഇത് പഞ്ചായത്തിന്റെയും, നിർവ്വഹണ ഉദ്യോഗസ്ഥയായ സെക്രട്ടറിയുടെയും വീഴ്ചയാണ്.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/22.11.22) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 പരേതരും ക്ഷേമ പെൻഷൻ വാങ്ങുന്നു

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും, ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ രേഖകളും ഒത്തുനോക്കി പരിശോധിച്ചതിൽനിന്നും പരിശോധനാ കാലയളവിൽ മരണപ്പെട്ട 13 പേരുടെ അക്കൗണ്ടുകളിലേക്ക് തുടർന്നും പെൻഷൻ ക്രഡിറ്റ് ചെയ്തിട്ടുള്ളതായി വ്യക്തമായി. ഇപ്രകാരം ക്രഡിറ്റ് ചെയ്ത തുക മരണപ്പെട്ട പെൻഷണർമാരുടെ അനന്തരാവകാശികൾ അക്കൗണ്ടിൽനിന്നും പിൻവലിച്ചിരിക്കാനാണ് സാധ്യത. ഈ ഇനത്തിൽ 159900 രൂപ പൊതു ഖജനാവിന് നഷ്ടമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐ.ഡി. | ഗുണഭോക്താവിന്റേ പേര്, വിലാസം | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം., തീ. | മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | 104130201031 | ബേബി<br>5/297, വാലയ്യത്ത്, മങ്കുഴി, തട്ടയിൽ, തട്ടയിൽ-691525 | വാർദ്ധക്യകാല പെൻഷൻ | 27/04/2022 | 64/2022<br>11/05/2022 | 3000 |
| 2 | 104130200103 | ചിന്നമ്മമത്തായി<br>10/253, പ്ലാവിളയിൽ ഹൗസ്, മല്ലിക, പന്തളം, തട്ടയിൽ-691525 | വാർദ്ധക്യകാല പെൻഷൻ | 09/12/2021 | 4/2022<br>03/01/2022 | 16000 |
| 3 | 104130100156 | ദേവകിയമ്മ<br>6/185 , തെക്കേചിറ്റൂർ, തട്ടയിൽ, പന്തളം , കീരുക്കുഴി-689502 | കർഷക തൊഴിലാളി പെൻഷൻ | 08/08/2022 | 100/2022<br>29/08/2022 | 3200 |
| 4 | 104130201798 | ഗോപാലകൃഷ്ണകുറുപ്പ് എം.<br>14/130, കൃഷ്ണ ഭവനം, പറന്തൽ, പറന്തൽ, പറന്തൽ-689501 | വാർദ്ധക്യകാല പെൻഷൻ | 15/03/2022 | 46/2022<br>07/04/2022 | 9600 |
| 5 | 104130201735 | ജയലക്ഷ്മി കെ.എൻ.<br>7/184, മനുഭവൻ, പാറക്കര, തട്ടയിൽ, തട്ടയിൽ-691525 | വാർദ്ധക്യകാല പെൻഷൻ | 26/01/2022 | 18/2022<br>07/02/2022 | 12800 |
| 6 | 104130200299 | കെ. മത്തായി<br>11/151,പള്ളിതെക്കേതിൽ, പൊങ്ങലടി, അടൂർ, ആനന്ദപള്ളി-691525 | വാർദ്ധക്യകാല പെൻഷൻ | 21/07/2022 | 92/2022<br>29/07/2022 | 3200 |
| 7 | 104130200420 | കെ.കെ.സിദ്ധാർത്ഥ പണിക്കർ, 5/397, വിജയവിലാസം, മല്ലിക, തട്ടയിൽ-691525 | വാർദ്ധക്യകാല പെൻഷൻ | 23/04/2022 | 64/2022<br>11/05/2022 | 8000 |
| 8 | 104130201306 | കൃഷ്ണപിള്ള കെ.<br>8/264, കൃഷ്ണാലയം, പാറക്കര, തട്ട, പാറക്കര-691525 | വാർദ്ധക്യകാല പെൻഷൻ | 12/04/2022 | 57/2022<br>26/04/2022 | 1800 |
| 9 | 104130201759 | മണിയൻപിള്ള<br>5/47, വടശ്ശേരി തെക്കേതിൽ, ഭഗ. | വാർദ്ധക്യകാല പെൻഷൻ | 08/12/2021 | 160/2021<br>27/12/2021 | 16000 |

| | | | | | | |
|---|---|---|---|---|---|---|
| | | പതിഞ്ഞാറ്, കീരുക്കുഴി-689502 | | | | |
| 10 | 104130201780 | രവീന്ദ്രൻ പി.<br>8/120, റിഇനന്ദനം, തട്ടയിൽ, പാറക്കര-691525 | വാർദ്ധക്യകാല പെൻഷൻ | 30/07/2022 | 96/2022<br>04/08/2022 | 3200 |
| 11 | 104130201893 | കാർത്തികേയൻ<br>4/472, ശ്രീനിലയം, കീരുക്കുഴി P.O., 689502 | വാർദ്ധക്യകാല പെൻഷൻ | 08/07/20 | 386/2020<br>24/07/20<br>കോഴഞ്ചേരി ഗ്രാ.പ. | 41500 |
| 12 | 104130100789 | കേശവൻ റ്റി.എസ്.<br>3/315, തയ്യിലേത്ത്, പട്ടക്കോട്ടുക്കൽ, തട്ടയിൽ P. O | കർഷക തൊഴിലാളി പെൻഷൻ | 21/09/21 | 391/2021<br>07/10/21<br>അടൂർ നഗരസഭ | 19200 |
| 13 | 104130201940 | സരസ്വതി അമ്മ<br>2/59, കൃഷ്ണ വിലാസം, പെരുംപുളിക്കൽ, മന്നം നഗർ – 689501 | വാർദ്ധക്യകാല പെൻഷൻ | 01/08/21 | 273/2021<br>09/08/21<br>പന്തളം നഗരസഭ | 22400 |
| | ആകെ | | | | | 159900 |

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനായി ധനവകുപ്പ് നൽകിയിരുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തതിനാലാണ് മേൽപറഞ്ഞ പ്രകാരമുള്ള സാമ്പത്തിക നഷ്ടം സർക്കാർ ഖജനാവിനുണ്ടായിട്ടുള്ളത്.

ടി ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിനും, ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽനിന്നും തിരികെ പിടിക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഡാറ്റാബേസിൽ മരണപ്പെട്ടവരും അനർഹരായവരുമായ 263 ഗുണഭോക്താക്കൾ

ഗ്രാമപഞ്ചായത്തിൽ 2019 വർഷം നടന്ന ക്ഷേമ പെൻഷൻ വാങ്ങുന്നവരുടെ മസ്റ്ററിംഗിൽ, മരണപ്പെട്ടതിനാലും, മറ്റ് കാരണങ്ങളാലും മസ്റ്ററിംഗ് പൂർത്തിയാക്കാത്ത 263 ഗുണഭോക്താക്കൾ ഉള്ളതായി സേവന പെൻഷൻ വെബ്സൈറ്റിൽ ലഭ്യമായ റിപ്പോർട്ടിൽനിന്നും (Bill Discrepency Report) വ്യക്തമാകുന്നു. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഒരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ കൃത്യമായി അറിയിക്കേണ്ടതും, പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽനിന്നും താമസം വിനാ ഒഴിവാക്കേണ്ടതുമാണ് (02.08.2021-ലെ 63/2021/ധന നമ്പർ സർക്കുലർ). മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുന്ന ഗുണഭോക്താക്കളിൽ 106 പേർ സഹകരണ ബാങ്ക് മുഖാന്തിരം നേരിട്ട് (ഡയറക്ട് ടു ഹോം) പെൻഷൻ കൈപ്പറ്റി വന്നവരാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ ബാങ്ക്, ഗുണഭോക്താക്കളുടെ മരണം യഥാസമയം പഞ്ചായത്തിനെ അറിയിക്കാതിരുന്നതിനാലാണ് ഇത്രയധികം പേർ നിലവിൽ പെൻഷൻ ഡാറ്റാബേസിൽ ആക്ടീവ് പെൻഷണർമാരായി തുടരുന്നതിന് ഇടയാക്കിയിട്ടുള്ളത്. സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുക കൈമാറാൻ കഴിയാത്തതിനാൽ തിരിച്ചടച്ചിട്ടുണ്ടെങ്കിലും വീണ്ടും എല്ലാ മാസവും ഇവർക്ക് പെൻഷന് വിതരണം ചെയ്യുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്നതിനോടൊപ്പം വിതരണം ചെയ്യുന്ന ഏജന്റിനുള്ള തുകയും അനുവദിക്കുന്നുണ്ട്. പെൻഷൻ തുക വിതരണം ചെയ്യാത്തത് തിരിച്ചടച്ചാലും വിതരണം ചെയ്യുന്ന ആൾക്കുള്ള കമ്മീഷൻ തുക തിരിച്ചടയ്ക്കേണ്ടതില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. DBT-യിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമായ Bill Discrepancy Report പരിശോധിച്ച് മരണപ്പെട്ടവരെയും, അനർഹരായവരെയും പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 ലൈഫ് - എടുക്കാത്ത ലോണിന് റിക്കവറി

ലൈഫ് ഭവന പദ്ധതിക്കായി 01/04/2019 മുതൽ 31/03/2022 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്ത് ലോൺ എടുത്തിരുന്നില്ല എങ്കിലും ലോൺ റിക്കവറിയായി സർക്കാർ വികസന ഫണ്ടിൽ നിന്നും തുക തിരിച്ച് പിടിയ്ക്കുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 953058 രൂപ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഈടാക്കിയ തുക |
|---|---|
| 2020-21 | 307724 |
| 2021-22 | 645334 |
| ആകെ | 953058 |

2022-23 വർഷം ഗ്രാമപഞ്ചായത്ത് ലൈഫ് പദ്ധതിയ്ക്കായി ലോൺ എടുത്തിട്ടുണ്ട്. ലോൺ റിക്കവറി ഇനത്തിൽ കുറവ് ചെയ്ത 953058 രൂപ 2022-23 വർഷം വർഷം എടുത്ത ലോണിൽ ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 പഞ്ചായത്തിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് രജിസ്ട്രേഷൻ ഇല്ല

പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പൊങ്ങലടി വാർഡിൽ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ (ബി.ആർ.സി.) നടത്തിപ്പിനായി 2021-22-ലെ വാർഷിക പദ്ധതിയിൽ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 500000 രൂപ വകയിരുത്തി അസി.സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വർക്കർ-കം-കെയർ ടേക്കർ, കുക്ക് എന്നിവർക്ക് യഥാക്രമം 7500 രൂപയും, 6000 രൂപയും ഓണറേറിയം നൽകുന്നതിനും, ഡ്രൈവർക്ക് 730 രൂപ നിരക്കിൽ ദിവസ വേതനം നൽകുന്നതിനുമാണ് പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത്.

മാനസികവും, ബുദ്ധിപരവുമായി ബലഹീനതകൾ നേരിടുന്ന 18 വയസു കഴിഞ്ഞവർക്ക് പ്രാദേശിക പുനരധിവാസവും, തൊഴിൽ പരിശീലനവും നൽകി അവരെയും സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി കുടുംബശ്രീയുടെ മേൽനോട്ടത്തിൽ പഞ്ചായത്തിൽ24.11.2014 -ൽ ബി.ആർ.സി. പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 25 ഭിന്നശേഷിക്കാർക്ക് പരിചരണവും, തൊഴിൽ പരിശീലനവും സെന്റർ നൽകിവരുന്നു.

ദേശീയ വികലാംഗ ജന നിയമമനുസരിച്ച്, സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യ ക്ഷേമ ഡയറക്ടറിൽനിന്നും അംഗീകാരം വാങ്ങേണ്ടതായിരുന്നു. സ്ഥാപനത്തിന്റെ ഉടമസ്ഥത പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതിനാൽ അംഗീകാരത്തിനുള്ള അപേക്ഷ പഞ്ചായത്ത് സെക്രട്ടറിയാണ് സമർപ്പിക്കേണ്ടത്. കൂടാതെ ബി.ആർ.സി.കൾക്ക് മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ധർമ്മ സ്ഥാപന സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും, തദ്ദേശ ഭരണ സ്ഥാപനം ഇക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടതുമാണ്. എന്നാൽ നിയമ പ്രകാരമുള്ള രജിസ്ട്രേഷനുകൾ ഇല്ലാതെയാണ് ഇക്കാലമത്രയും സ്ഥാപനം പ്രവർത്തിച്ചുവന്നത്.

ബി.ആർ.സി-കളുടെ പ്രവർത്തന മാർഗ്ഗരേഖ 06.04.2013-ലെ സ.ഉ.(കൈയ്യെഴുത്ത്)നം.144/2013/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. 07.02.2018-ലെ സ.ഉ.എം.എസ്.)നം.20/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിലവിലെ മാർഗ്ഗരേഖക്കൊപ്പം പൊതുവായി ബാധകമാകുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ പ്രസ്തുത മാർഗ്ഗരേഖകളിലെ നിബന്ധനകളും, നിർദ്ദേശങ്ങളും പഞ്ചായത്ത് പാലിച്ചിട്ടില്ല.. ബഡ്സ്/ബിആർസി അധ്യാപകർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം 30675 രൂപ നിരക്കിലും, നിശ്ചിത യോഗ്യത ഇല്ലാത്ത പക്ഷം 23100 രൂപ നിരക്കിലും ശമ്പളം അനുവദിക്കാവുന്നതാണ്. അതുപോലെതന്നെ ആയമാർക്ക് 17325 രൂപ വേതനം നൽകാവുന്നതാണ്. എന്നാൽ അനുവദനീയമായതിനേക്കാൾ വളരെ തുച്ഛമായ നിരക്കിലാണ് നിലവിൽ ജീവനക്കാർക്ക് വേതനം നൽകിവരുന്നത്. ഉത്തരവ് പ്രകാരമുള്ള കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിലും, തെറാപ്പിസ്റ്റ്, ട്രെയിനർ, ഡോക്ടർ മുതലായവരുടെ സേവനം ലഭ്യമാക്കുന്ന കാര്യത്തിലും ടി ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ലെന്നാണ് കണ്ടത്.

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിൽ ബി.ആർ.സിയ്ക്ക് രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനായി 25.02.2017-ൽ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും അപേക്ഷയിന്മേൽ സാമൂഹ്യ നീതി വകുപ്പ് നടപടി സ്വീകരിച്ചില്ലെന്നും ഇതിനെ തുടർന്ന് 09.03.2020-ൽ വീണ്ടും അപേക്ഷ സമർപ്പിക്കുകയും, സാമൂഹ്യ നീതി വകുപ്പിൽനിന്നും ബി.ആർ.സി. സന്ദർശിച്ച് പരിശോധന പൂർത്തിയാക്കിയെങ്കിലും രജിസ്ട്രേഷൻ അനുവദിച്ചത് സംബന്ധിച്ച് അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ലെന്നും അധികൃതർ അറിയിച്ചു, ഫണ്ടിന്റെ അഭാവം കാരണമാണ് വേതനം നിലവിലെ നിരക്കിൽ നൽകിവരുന്നതെന്നും വേതനം വർദ്ധിപ്പിക്കുന്നതിന് തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ട ചേർക്കുന്നതാണെന്നും അറിയിച്ചു.

ബി.ആർ.സിയ്ക്ക് നിയമപ്രകാരമുള്ള രജിസ്ട്രേഷനുകൾ എടുക്കുന്നതിനും, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 റിട്ടൻഷൻ തുക പിൻവലിച്ചതിൽ ഇരട്ടിപ്പ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് പാർട്ട് ബിൽ നൽകുമ്പോൾ ആകെ പ്രവൃത്തിമൂല്യത്തിന്റെ 2.5% തുക റിട്ടൻഷൻ ഇനത്തിൽ കുറവ് ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കരാറുകാർ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകുമ്പോൾ ഈ ട്രഷറി അക്കൗണ്ടിൽ നിന്നും റിട്ടൻഷൻ തുക തിരികെ നൽകുന്നതിന് പകരം കരാറുകാർക്ക് നൽകാനുള്ള തുകയോടുകൂടി റിട്ടൻഷൻ തുക കൂടി കൂട്ടി പ്രോജക്റ്റിനായി വകയിരുത്തിയിരിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും പിൻവലിക്കുന്നതിനാൽ സർക്കാർ ഗ്രാന്റിൽ നിന്നും അധികച്ചെലവ് ഉണ്ടാകുന്നുണ്ട്. ഇത്തരത്തിൽ 2021-22 വർഷം റിട്ടൻഷൻ ഇനത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അധികം പിൻവലിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര് /പ്രോജക്റ്റ് നമ്പർ | റിട്ടൻഷൻ തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയ തീയതി | റിട്ടൻഷൻ തുക ഉൾപ്പടെ കരാറുകാരന് ഫൈനൽ ബിൽ നൽകിയ നം/തീയതി | അധികമായി പിൻവലിച്ച റിട്ടൻഷൻ തുക |
|---|---|---|---|---|
| 1 | പുലിവാരത്തിൽപ്പടി തോട്ടത്തിൽപ്പടി റോഡ് റീടാറിംഗ്, 179/22 | 11/08/21 | 6702/ 18/03/22 | 27284 |
| 2 | മാമ്മൂട് പോത്രാട് റോഡ് പുനരുദ്ധാരണം, 145/22 | 24/03/21 | 5838/13.08.21 | 3428 |
| 3 | ചാലപ്പറമ്പിൽ കിഴക്കേതിൽ ചൂരക്കുളം റോഡ് പുനരുദ്ധാരണം, 166/22 | 28/03/22 | 3625/30.08.22 | 4405 |
| 4 | കണ്ടാലയ്യത്തും പടി ലക്ഷംവീട് പുതിയ മംഗലം വീട്, 220/22 | 06/11/21 | 7324/28/12/21 | 5358 |
| 5 | ചന്ദ്രവേലിപ്പടി മങ്കുഴി റോഡ്, 197/22 | 18/03/22 | 5559/22.03.22 | 9877 |
| 6 | മാമ്മൂട് പോത്രാട് റോഡ് പുനരുദ്ധാരണം, 95/22 | 18/03/22 | 0074/25.06.22 | 10528 |
| 7 | ടാഗോർ വായനശാല ഗുരുമന്ദിരം പടി റോഡ് പുനരുദ്ധാരണം, 141/22 | 24/03/21 | 0344/27.03.22 | 4953 |
| 8 | മണവിളപ്പടി വെല്ലൂർപ്പടി റോഡ് പുനരുദ്ധാരണം, | 28/12/21 | 0830/21.03.22 | 6658 |

| | | | | |
|---|---|---|---|---|
| | 107/22 | | | |
| 9 | മിനി എം.സി.എഫ് നിർമ്മാണം, 140/22 | 26/03/21 | 5190/10.03.22 | 5674 |
| | | | | 78165 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/21.11.22) തുക തിരികെ ഒടുക്കി രേഖകൾ അടിയന്തിരമായി ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അധികമായി പിൻവലിച്ച 78165 രൂപ തനത് ഫണ്ടിൽ ശേഷിക്കുന്ന റിട്ടൻഷൻ തുകയിൽ നിന്നും തിരികെ ഒടുക്കേണ്ടതും ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഇതനുസരിച്ച് ക്രമീകരിക്കേണ്ടതുമാണ്.

## 1-30 ബാരൽ വില; തനത് ഫണ്ടിൽ ശേഷിക്കുന്നത് 1.17ലക്ഷം രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ 2021-22 വർഷം മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ബാരൽ വില ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ(പി) 177/2006/ഫിൻ തീ.12/04/2006, സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 എന്നിവ പ്രകാരം ബിറ്റുമിൻ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. Penalites And Fines എന്ന 1-ൽ തുടങ്ങുന്ന വരവ് ഹെഡിൽ ആണ് ഈ തുക തെറ്റായി അക്കൗണ്ട് ചെയ്യുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | ഫൈനൽ ബിൽ റഫറൻസ് നം/തീയതി | കാലി ബാരൽ വിലയിനത്തിൽ പഞ്ചായത്തിൽ ഒടുക്കിയ തുക |
|---|---|---|
| പുലിവാരത്തിൽപ്പടി തോട്ടത്തിൽപ്പടി റോഡ് റീടാറിംഗ്, 179/22 | 6702/ 18/03/22 | 26680 |
| ടാഗോർ വായനശാല ഗുരുമന്ദിരം പടി റോഡ് പുനരുദ്ധാരണം, 141/22 | 0344/27.03.22 | 9829 |
| മണവിളപ്പടി വെല്ലൂർപ്പടി റോഡ് പുനരുദ്ധാരണം, 107/22 | 0830/21.03.22 | 3089 |
| മലമുറ്റത്ത് തണ്ണീക്കോട്ട്പടി കണ്ണമെഗലത്ത് റോഡ്, 96/22 | 9892/24.03.22 | 6178 |
| പറന്തൽ ആര്യപൊയ്ക റോഡ് പുനരുദ്ധാരണം, 246/22 | 1899/28.03.22 | 7864 |
| മണവത്ത്പടി ദേവരുക്ഷേത്രം റോഡ് പുനരുദ്ധാരണം, 112/22 | 6426/18.03.22 | 1404 |
| പോളിടെക്നിക് പാണ്ടിയാൻവിള റോഡ് പുനരുദ്ധാരണം | 6609/18.03.22 | 2808 |
| മലമേൽപ്പടി പമ്പൂർപ്പടി റോഡ് പുനരുദ്ധാരണം, 178/22 | 6546/18.03.22 | 4493 |
| കളീയ്ക്കൽപ്പടി വരട്ടുചിറ റോഡ്, 184/22 | 8508/21.03.22 | 6740 |
| മുരുപ്പേൽപ്പടി ഉടയാൻ തെക്കേതിൽ റോഡ് റീടാറിംഗ്, 219/22 | 6727/18.03.22 | 7302 |
| ശാസ്താപ്പടി മഠത്തിൽപ്പടി റോഡ് , 196/22 | 6653/18.03.22 | 3932 |
| ആനേടത്ത്പടി പെരുവിളമുരുപ്പ് | 0079/25.06.22 | 19940 |

| | | |
|---|---|---|
| റോഡ്, 85/22 | | |
| ഇലവിനാൽപ്പടി ചരിയത്ത്പടി റോഡ് പുനരുദ്ധാരണം, 186/22 | 6691/18.03.22 | 7582 |
| ടാഗോർ വായനശാല തെക്കുംപുറം ഏലാറോഡ്, 79/22 | 6519/18.03.22 | 3651 |
| ഗണപതിപ്പടി പള്ളിമുക്ക് റോഡ് റീടാറിംഗ്, 142 | 1476/20.03.22 | 6178 |
| | | 117670 |

ബാരൽ വില മെയിന്റനൻസ് ഗ്രാന്റിന്റെ ബന്ധപ്പെട്ട ROP ഹെഡിലും ജി എസ്.റ്റി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 തുക തിരികെ ലഭിച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്സ് സി) (പ്രോ.നം. 31/2022) - മാവര ക്ഷീരോത്പാദക സഹകരണസംഘത്തിലെ രണ്ട് ക്ഷീരകർഷകർക്ക് അധികം നൽകിയ തുക 2720രൂപ ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് (ഓഡിറ്റ് എൻക്വയറി -12/22.11.2022) 25.11.022ൽ രസീത് നം.1220601496 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. വികസന ഫണ്ട് (എസ്സ് സി പി) വിഹിതം വകയിരുത്തി നടപ്പിലാക്കിയ പ്രോജക്റ്റ് പ്രകാരം അധികം ചെലവഴിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-32 വനിതാ ഘടക പദ്ധതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹിക പദവിയും ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങളും മാർഗ്ഗരേഖയിൽ ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ നിർദ്ദേശങ്ങൾ പാലിച്ചല്ല വനിതാ ഘടക പദ്ധതി തയ്യാറാക്കിയത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് മാർഗ്ഗരേഖയിൽ സ്പഷ്ടീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതിയിൽ ടി പ്രോജക്റ്റ് ഉൾപ്പെടുത്തിയാണ് വനിതാ ഘടക പദ്ധതി തയ്യാറാക്കിയത്. കോഴിക്കുഞ്ഞ് വിതരണം, കാലിത്തീറ്റ സബ്സിഡി എന്നിവയാണ് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മറ്റു പ്രോജക്ടുകൾ. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ വരുമാനദായകമായ പ്രോജക്ടുകളാണിവ. വനിതകളുടെ സാമൂഹിക പദവി ഉയർത്തുന്നതിന് ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഉതകുന്നില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലും സ.ഉ.(കൈ) നം.84/2022തീയതി 19.04.2022 ഖണ്ഡിക6.3] നടപ്പിലാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രം വനിതാ ഘടക പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 മുൻകൂർ നൽകി- നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടായ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി 100000 രൂപ ഹോമിയോ മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനായി HOMCO-യ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക മുൻകൂർ നൽകി ഒരു വർഷം പിന്നിട്ടിട്ടും നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല. അവശേഷിച്ച തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 ഹാർഡ്‌വെയർ രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകളുടെ എ.എം.സി. നൽകുന്നതിന് 2021-22വർഷത്തെ വാർഷിക പദ്ധതിയിൽ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും പ്രോജക്റ്റ് നം.3/22 പ്രകാരം 175000രൂപ വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം വാങ്ങുകയും, 173932 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (ട്രഷറി ബിൽ നം. 311 02/03/2022). കെൽട്രോണിനാണ് എ.എം.സി. കരാർ നൽകിയിട്ടുള്ളത്.

പഞ്ചായത്തിലെ കമ്പ്യൂട്ടറുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും വിവരങ്ങൾ അടങ്ങിയ ഹാർഡ്‌വെയർ രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കൃത്യമാക്കി സൂക്ഷിച്ചിട്ടില്ലെന്ന് കാണുന്നു. സർക്കാർ സ്ഥാപനങ്ങളിലെ ഉപയോഗത്തിന് വാങ്ങുന്ന കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾക്ക് 5 വർഷ വാറന്റി നിർബന്ധമാണ്. ഹാർഡ് വെയർ രജിസ്റ്ററിൽ ഉപകരണങ്ങൾ വാങ്ങിയ തീയതി ഇനിഷ്യൽ വാറന്റി കാലയളവ്

എന്നിവ കൃത്യമായ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ വാറന്റി ഉള്ള ഉപകരണങ്ങളെ ഒഴിവാക്കിയാണോ എ.എം.സി. കരാർ നൽകിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. കമ്പ്യൂട്ടറുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും എ.എം.സി. സംബന്ധിച്ച വിവരം, എ.എം.സി-യുടെ ഭാഗമായുള്ള മെയിന്റനൻസ് പ്രവൃത്തികളുടെ വിവരം (Maintenance History Of Hardware) എന്നിവ ഹാർഡ് വെയർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ വീഴ്ച

ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതി സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കിയിട്ടുള്ളതായി കാണുന്നില്ല. 2017-18 കാലയളവിൽ നടത്തിയ സർവ്വെ അടിസ്ഥാനമാക്കി തയ്യാറാക്കിയ 180 ഗുണഭോക്തൃ കുടുംബങ്ങൾക്കുവേണ്ട പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കി സംസ്ഥാന കുടുംബശ്രീ മിഷനിൽനിന്നും അംഗീകാരം വാങ്ങിയിട്ടുണ്ട്. 1.44 കോടി രൂപ അടങ്കലുണ്ടായിരുന്ന കർമ്മ പദ്ധതി 2019-20 വർഷം ആരംഭിച്ച് 2021-22-ൽ പൂർത്തിയാക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ കർമ്മ പദ്ധതയിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം അഗതി കുടുംബങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുന്ന കാര്യത്തിൽ വലിയ വീഴ്ചയാണ് ഉണ്ടായിരിക്കുന്നത്. പദ്ധതി കാലയളവ് 2022 മാർച്ചിൽ അവസാനിച്ചെങ്കിലും 58.90 ലക്ഷം രൂപ മാത്രമാണ് പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചിട്ടുള്ളത് (41%). ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ഭക്ഷണം | 180 | 3851000 | 180 | 3510721 | 91.16 |
| 2 | ചികിത്സ | 53 | 182500 | 0 | 0 | 0 |
| 3 | വിദ്യാഭ്യാസം | 19 | 79000 | 19 | 24772 | 31.36 |
| 4 | വീട് | 17 | 6800000 | 4 | 1680000 | 24.71 |
| 5 | ഭൂമി | 1 | 150000 | 1 | 150000 | 100 |
| 6 | കുടിവെള്ളം | 17 | 532000 | 2 | 60000 | 11.28 |
| 7 | ശൗചാലയം | 24 | 288000 | 4 | 48000 | 16.67 |
| 8 | വീട് പുനരുദ്ധാരണം | 36 | 2325000 | 5 | 345000 | 14.84 |
| 9 | വൈദ്യുതി | 4 | 32000 | 0 | 0 | 0 |
| 10 | തൊഴിൽ പരിശീലനം | | 10000 | 0 | 0 | 0 |
| 11 | കൗൺസിലിംഗ് | | 5000 | 0 | | 0 |
| 12 | മെഡിക്കൽ ക്യാമ്പ് | | 34000 | 0 | | 0 |
| 13 | റിസർവ് ഫണ്ട് | | 90000 | 0 | | 0 |
| 14 | മറ്റ് ചെലവുകൾ | | 60600 | 0 | 71734 | 118.37 |
| | ആകെ | | 14439100 | | 5890227 | 40.79 |

മേൽ കാണിച്ചിരിക്കുന്ന ധനകാര്യ വിശകലനത്തിൽനിന്നും കർമ്മ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന ഒട്ടുമിക്ക സേവനങ്ങളും അഗതി കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ലെന്ന് വ്യക്തമാണ്. അംഗീകാരം ലഭിച്ച പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പദ്ധതി കാലയളവിനുള്ളിൽ മുഴുവൻ സേവനവും ലഭ്യമാക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

ആക്ഷൻ പ്ലാനിൽ പഞ്ചായത്തിന്റെ പദ്ധതി വിഹിതമായി 9291000രൂപയായിരുന്നു വകയിരുത്തിയിരുന്നതെങ്കിലും 2021-22 വർഷാന്ത്യം വരെ 12.5 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് നൽകിയത്. ഫണ്ടിന്റെ അപര്യാപ്തത കാരണം അഗതി കുടുംബങ്ങൾക്കുള്ള ഭക്ഷ്യ ധാന്യം പോലും മുടക്കമില്ലാതെ വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. ഓഡിറ്റ് വർഷം (2021-22) മൂന്ന് തവണ മാത്രമാണ് ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളത്. പദ്ധതിയ്ക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിട്ടുള്ള തുകകൾ പദ്ധതി കാലയളവിനുള്ളിൽ ലഭ്യമാക്കാതിരുന്നത് പദ്ധതി നടത്തിപ്പിനെ

പ്രതികൂലമായി ബാധിച്ചു. ഗുണഭോക്താക്കൾക്ക് മുഴുവൻ സേവനങ്ങളും ലഭ്യമാക്കാതിരുന്നത് വീഴ്ചയാണ്.

ഗുണഭോക്താക്കൾക്ക് എല്ലാ മാസവും ഭക്ഷ്യധാന്യവും, പോഷകകിറ്റും ലഭ്യമാക്കണമെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഇതിൽ വീഴ്ചവരുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സംസ്ഥാന മിഷനെയും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/നഗരകാര്യ റീജിണൽ ജോയിന്റ് ഡയറക്ടർ എന്നിവരെയും അറിയിക്കേണ്ടതും, ഇവർക്കെതിരെ ബന്ധപ്പെട്ട അധികാരികൾ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖയിൽ (സ.ഉ.(എസ്.സ്.)നം.252/2017/തസ്വഭവ., തീ. 12.12.2017 – ഖ.2.5.7) വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള അടിസ്ഥാന സേവനം പോലും കൃതമായി അഗതി കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് സാധിക്കാതിരുന്നത് ഗൗരവതരമായ വീഴ്ചയാണ്.

കൂടാതെ കർമ്മ പദ്ധതിയുടെ കാലയളവ് 2021-22വർഷം അവസാനിച്ചെങ്കിലും പദ്ധതി കാലയളവിൽ അനിവാര്യമായ നടത്തേണ്ടിയിരുന്ന റീവിസിറ്റ് നടത്തിയിട്ടില്ല. മാർഗ്ഗരേഖ പ്രകാരം ഒരോ സാമ്പത്തിക വർഷത്തിനും മുന്നോടിയായി പദ്ധതി പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പുന:പരിശോധന നടത്തുമ്പോൾ കുടുംബങ്ങൾക്ക് ശേഷിയുള്ളവരായി കണ്ടെത്തിയാൽ നടപടിക്രമങ്ങൾ പാലിച്ച് കുടുംബത്തിന്റെ പേര് പദ്ധതി പട്ടകയിൽനിന്നും ഒഴിവാക്കുന്നതിനായി ജില്ലാ മിഷനിലേക്ക് അറിയിപ്പ് നൽകേണ്ടതാണ്. എന്നാൽ പദ്ധതി പുനപരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ചിട്ടില്ലാത്തതും വീഴ്ചയാണ്.

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അഗതി രഹിത കേരളം പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-36 ടോയ്‌ലറ്റ് റിട്രോഫിറ്റിംഗ് - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നിഷേധിച്ചു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കിയ ടോയ്‌ലറ്റ് റിട്രോഫിറ്റിംഗ് എന്ന പ്രോജക്ടിന്റെ ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ സബ്സിഡി അനുവദിച്ചില്ല. പദ്ധതിയുടെ ഭാഗമായി ടോയ്‌ലറ്റ് മെയിന്റനൻസ് നടത്തുന്നതിന് 122 ഗുണഭോക്താക്കൾക്ക് 5000 രൂപ വീതം ആകെ 610000 രൂപ വിതരണം ചെയ്തിട്ടുണ്ട്. പി.ബി.ഐ.ജി. (Performance Based Incentive Grant) ഫണ്ടാണ് പദ്ധതിയ്ക്ക് വിനിയോഗിച്ചിരിക്കുന്നത്. ഈ പദ്ധതിയിൻകീഴിൽ ടെയ്‌ലറ്റുകളുടെ മെയിന്റനൻസിന് പി.ബി.ഐ.ജി. ഫണ്ടിൽനിന്നും 5000 രൂപയും, തദ്ദേശഭരണ സ്ഥാപന വിഹിതമായി 4240 രൂപയും ഉൾപ്പടെ ആകെ 9240 രൂപ സബ്സിഡി നൽകുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പി.ബി.ഐ.ജി. ഫണ്ട് മാത്രം വകയിരുത്തിയാണ് പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയത്. പഞ്ചായത്തിന്റെ വിഹിതം വകയിരുത്തിയിരുന്നില്ല. ഇക്കാരണത്താൽ 122 ഗുണഭോക്താക്കൾക്ക് 4240 രൂപ വീതം ആകെ 517280രൂപയുടെ ആനുകൂല്യം നിഷേധിക്കപ്പെട്ടു. അപാകത ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അർഹമായ പഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിനുള്ള സാധ്യത ഭരണ സമിതി പരിഗണിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയസ്ഥാപനം | ലഭിച്ചതുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാപ്പഞ്ചായത്ത് | 8900 | ജനകീയ ഹോട്ടൽ | 8900 | 0 |
| ജില്ലാപ്പഞ്ചായത്ത് | 73521 | അംഗൻവാടി | 73521 | 0 |

| | | | | |
|---|---|---|---|---|
| | | പോഷകം | | |
| ജില്ലാപ്പഞ്ചായത്ത് | 78600 | PH SCOLARSHIP | 78600 | ൦ |
| ജില്ലാപ്പഞ്ചായത്ത് | 298902 | പാലിയേറ്റീവ് | 298902 | ൦ |
| ജില്ലാപ്പഞ്ചായത്ത് | 550000 | പാലിന് സബ്സിഡി | 550000 | ൦ |
| ജില്ലാപ്പഞ്ചായത്ത് | 6700000 | ലൈഫ് | 6700000 | ൦ |
| ജില്ലാപ്പഞ്ചായത്ത് | 640096 | കോവിഡ് 19 | 640096 | ൦ |
| ബ്ളോക്ക് പഞ്ചായത്ത് | 90638 | അംഗൻവാടി പൂരക പോഷകം | 90638 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 350000 | PH SCOLARSHIP | 350000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 100000 | കാലിത്തീറ്റ | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 89120 | കാലിത്തീറ്റ SCP | 89120 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 270300 | സമഗ്ര നെൽകൃഷി വികസനം | 270300 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 946600 | ലൈഫ് ഭവന പദ്ധതി | 800000 | 146600 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെപേര്, പ്രോജക്ട്നമ്പർ | വൗച്ചർനമ്പർ/ ചെക്ക്നം. | മുൻകൂർനൽകിയതുക | ചെലവ് (യൂട്ടിലൈസേഷൻ ലഭിച്ചിട്ടുള്ളത്) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. എസ്സ്. ഇ. ബി. | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ, 122/22 | ഓൺ ലൈൻ പെയ്മെന്റ് | 27190 | 27190 | 0 |
| കെ എസ്സ് ഇ ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ , 126/22 | ഓൺ ലൈൻ പെയ്മെന്റ് | 1099760 | 1099760 | 0 |
| കെ എസ്സ് ഇ ബി | മീറ്റർ സ്ഥാപിക്കൽ, 127/22 | ഓൺ ലൈൻ പെയ്മെന്റ് | 87556 | 0 | 87556 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 236/22 | ഓൺ ലൈൻ പെയ്മെന്റ് | 1020000 | 0 | 1020000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെ വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയആളുടെപേരുംഉദ്യോഗപ്പേരും | രസീത് |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | | നമ്പർ/തീയതി |
|---|---|---|---|---|
| 2018-19 | 2-2 | 2040 | മൗണ്ട് സീനായി | 121013091 തീയതി 18.11.2021 |
| 2001-02 | 2-5 | 80 | രാജേന്ദ്ര പ്രസാദ് എസ്സ് | 1210103235 തീയതി 23.11.2021 |
| 2014-15 | 2-1-2 | 393 | ആഷ എം | 1210103446 തീയതി 03.12.2021 |
| 2014-15 | 2-1 | 2300 | സെക്രട്ടറി | 1210103458 തീയതി 04.12.2021 |
| ആകെ | | 4813 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അദ്ധ്യായം 1 | മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | അപാകത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2-1 | 2016-17 | അദ്ധ്യായം 2 | D&O ലൈസൻസ് നൽകുമ്പോൾ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | അപാകത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് സർച്ചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 130055318 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 112231983 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി4/233/07 തീയതി 11.04.07 | 1 (2-21) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി7/39(A)09 തീയതി 26.07.10 | 1 (3-9) |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി11/454/15 തീയതി 25.07.15 | 2 (3-5, 3-14) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി11/853/16 തീയതി 27.07.16 | 1 (3-1) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി11/1385/16 തീയതി 10.01.2017 | 4(2-1,3-1,3-2,3-7) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി11/761/17 തീയതി 07.07.2017 | 2 (3-6, 3-19) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി11/1360/18 തീയതി 25.10.2018 | 5 (3-3, 3-5, 3-9, 3-12(2), 3-26) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി11/421/2021 തീയതി 30.06.2021 | 8 |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി11/637/2022 തീയതി 12.07.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

തിരുവനന്തപുരം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്